# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 163

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളികൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ക്രിസ്താബ്ദം 2025 സെപ്റ്റംബർ മാസം 2, 3, 4, (ചൊവ്വ, ബുധൻ, വ്യാഴം) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്ന പ്രതിനിധി മണ്ഡലയോഗങ്ങളിൽ ചെയ്തവയും സഭാ ഭരണഘടന 107–ാം വകുപ്പിൻ പ്രകാരം എപ്പിസ്കോപ്പാമാരുടെ സംഘം 2025 സെപ്റ്റംബർ 8, 9, 10 തീയതികളിൽ കൂടി അംഗീകരിച്ചവയുമായ നിശ്ചയങ്ങളും തീരുമാനങ്ങളും ഏവരുടെയും അറിവിനായി താഴെ ചേർത്ത് ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. അംഗീകരിക്കപ്പെട്ട ഭരണഘടനാ ഭേദഗതിയും ഇതോടൊപ്പം അയയ്ക്കുന്നു. അവയിലെ താൽപര്യപ്രകാരം സഭയുടെയും ഇടവകകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ കാര്യങ്ങളും നടത്തുകയും നടത്തിക്കുകയും ചെയ്യേണ്ടതാണെന്ന് ഏവരേയും ഈ കല്പന മൂലം അറിയിക്കുന്നു.

കൃപ നിങ്ങളോട് കൂടെ ഇരിക്കുമാറാകട്ടെ.

2025 സെപ്റ്റംബർ മാസം 13–ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

## 2025 സെപ്റ്റംബർ മാസം 2, 3, 4 (ചൊവ്വ, ബുധൻ, വ്യാഴം) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന സഭാ പ്രതിനിധി മണ്ഡല യോഗങ്ങളിലെ തീരുമാനങ്ങൾ

1. സഭയുടെയും സഭയുടെ സ്ഥാപനങ്ങളുടെയും "2024–25–ലെ ബഡ്ജറ്റ് ഇല്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും ചെലവായ തുകകൾക്ക് അനുമതി നൽകുക" എന്ന പ്രമേയത്തിന് ചർച്ചകൾക്കുശേഷം മണ്ഡലയോഗം അംഗീകാരം നൽകി.

2. അച്ചടിച്ച് പ്രസിദ്ധം ചെയ്തിരുന്ന 2024–25–ലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുകയും, സഭാ, മാർത്തോമ്മാ വൈദിക സെമിനാരി കോട്ടയം, സഭാ ബുക്ക് ഡിപ്പോ തിരുവല്ല, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് കൊമ്പാടി, ജെ.എം.എം. സ്റ്റഡി സെന്റർ മണ്ണന്തല, റ്റി.എം.എ.എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ മാങ്ങാനം, എം.റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ ചെറുകോൽ, ഈശോ മാർ തിമൊഥെയൊസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ് സീഹോറ, ഈശോ മാർ തിമൊഥെയൊസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ ശിവനാപുരം, ജെ.എം.&എം.എ. സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ് അയിരൂർ എന്നിവയുടെ വരവ്–ചെലവ് കണക്കുകളും, ബാലൻസ് ഷീറ്റും ചർച്ചകൾക്കുശേഷം സഭാ പ്രതിനിധി മണ്ഡലം സർവ്വസമ്മതമായി പാസ്സാക്കുകയും ചെയ്തു.

3. വാർഷിക റിപ്പോർട്ട് സംബന്ധമായ ചില ഭേദഗതി പ്രമേയങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

4. സഭാ സെക്രട്ടറിയേറ്റ് സംബന്ധിച്ച് 2024 ലെ സഭാ മണ്ഡല തീരുമാനപ്രകാരം നിയോഗിക്കപ്പെട്ട കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്മേലുള്ള അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ പ്രസ്താവന മണ്ഡലം അംഗീകരിച്ചു.

5. സഭയുടെയും മാർത്തോമ്മാ വൈദിക സെമിനാരി കോട്ടയം, സഭാ ബുക്ക് ഡിപ്പോ തിരുവല്ല, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് കൊമ്പാടി, ജെ.എം.എം. സ്റ്റഡി സെന്റർ മണ്ണന്തല, റ്റി.എം.എ.എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ മാങ്ങാനം, എം.റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ ചെറുകോൽ, ഈശോ മാർ തിമൊഥെയൊസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ് സീഹോറ, ഈശോ മാർ തിമൊഥെയൊസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ ശിവനാപുരം, ജെ.എം.&എം.എ. സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ് അയിരൂർ എന്നിവയുടെയും 2025–26 ലെ ബഡ്ജറ്റ് സഭാ മണ്ഡലം ചർച്ചകൾക്കുശേഷം സർവ്വ സമ്മതമായി പാസ്സാക്കി.

6. 2026–27 ലെ ആദ്യത്തെ ആറ് മാസം, 2025–26–ൽ ചെലവാകുന്ന തുകയുടെ 6/12 കവിയാതെയുള്ള തുക ചെലവാക്കുന്നതിന് സഭാ കൗൺസിലിന് അനുമതി നൽകി.

7. '2025–26 വർഷത്തെ കണക്ക് പരിശോധകരെ നിയമിക്കുക' എന്ന സഭാ കൗൺസിലിന്റെ പ്രമേയം ഏകാഭിപ്രായമായി മണ്ഡലയോഗം അംഗീകരിച്ചു.

    1. M/s. Cheriyan & Cheriyan, Chartered Accountants, Miss East Road, Kottayam- 686 001.
    2. M/s. Reji John & Co., Chartered Accountants, Near Children's Library, Kottayam.
    3. M/s. Kuruvilla & Co., Chartered Accountants, Pathanamthitta - 689 645.
    4. M/s. Thomas Mathew & Associates, Chartered Accountants, CVP Tower, T.K. Road -689 101.
    5. M/s. Thomas Jacob & Co., Chartered Accountants, Malankara Bldg Complex, Trivandrum.
    6. M/s. Koshal & Co. Chartered Accountants, 1507, Wright Town, Jabalpur (M.P).
    7. M/s. Jacob Kovoor & Co., Chartered Accountants, Kochi
    8. M/s. K. I. Abraham & Co., Chartered Accountants, Tiruvalla.
    9. M/s. Jacob Abraham & Co., Chartered Accountants, Chengannur.
    10. M/s. Joseph John & Co Chartered Accountants, Thiruvalla
    11. M/s Thomas Kenny & Co, Chartered Accountants, Thiruvalla
    12. CA Mathew K. Zachariah, Thiruvalla
    13. CA Abraham Cherian, Chemarapally, Kottayam

8. മാർത്തോമ്മാ സഭയ്ക്ക് ഒരു യൂണിവേഴ്സിറ്റി എന്ന തീരുമാനം സഭാ പ്രതിനിധി മണ്ഡലം തത്വത്തിൽ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പഠന റിപ്പോർട്ട് ചർച്ചയെ തുടർന്ന് ഭൂരിപക്ഷ അഭിപ്രായ പ്രകാരം മാർത്തോമ്മാ എഡ്യൂക്കേഷണൽ ട്രസ്റ്റ് രൂപീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് സഭാ പ്രതിനിധി മണ്ഡലം തീരുമാനിച്ചു. സർക്കാർ അപേക്ഷ ക്ഷണിക്കുമ്പോൾ മാർത്തോമ്മാ യൂണിവേഴ്സിറ്റിക്ക് വേണ്ടി അപേക്ഷ നല്കുന്നതിനും, ട്രസ്റ്റ് ഡീഡിന്റെ വിശദാംശങ്ങൾ അടുത്ത മണ്ഡലത്തിൽ റിപ്പോർട്ടു ചെയ്യുന്നതിനും സഭാ കൗൺസി

ലിനെ ചുമതലപ്പെടുത്തി. ട്രസ്ററ് അംഗങ്ങളുടെ എണ്ണം 41 ആയിരിക്കണമെന്നും, കേരളത്തിന് പുറത്ത് യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള സാധ്യതയും പരിഗണിക്കേണ്ടതാണെന്നും മണ്ഡലം തീരുമാനിച്ചു.

9. മാർത്തോമ്മാ സഭയുടെ കോളജുകൾ ഓട്ടോണമസ് ആക്കുന്നതു സംബന്ധിച്ച്, സഭാ പ്രതിനിധി മണ്ഡലം സഭാ കൗൺസിലിനെ ചുമതലപ്പെടുത്തിയതു പ്രകാരം തയ്യാറാക്കിയ പഠന റിപ്പോർട്ട് ചർച്ചകൾക്കുശേഷം മാർത്തോമ്മാ സഭയുടെ ഓരോ കോളേജും ഓരോ സൊസൈറ്റിയുടെ കീഴിൽ ഓട്ടോണമസ് ആക്കുന്നതിനും സൊസൈറ്റിയുടെ ബൈലോ സഭാ കൗൺസിൽ തയ്യാറാക്കേണ്ടതാണെന്നും സഭാ പ്രതിനിധി മണ്ഡലം തീരുമാനിച്ചു.

10. 'സഭാ പൈതൃക സംരക്ഷണത്തിനും ആത്മീയ പരിപോഷണത്തിനും ഉതകത്തക്ക വിധത്തിൽ പഴയ സഭാ ഓഫീസ് കെട്ടിടം നവീകരിച്ച് ഉപയോഗപ്രദമാക്കുന്നതിനും, ഇതിലേക്ക് ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും അതിന്റെ ചെയർമാനായി അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തുന്നതിനും, സഭാ ബഡ്ജറ്റിൽ കോൺട്രായായി 50 ലക്ഷം രൂപാ ഉൾപ്പെടുത്തുന്നതിനും സഭാ പ്രതിനിധി മണ്ഡലം തീരുമാനിച്ചു.

11. 'തിരുവല്ല SCS സ്കൂളിന്റെ നിലവിലുള്ള ഹൈസ്കൂൾ കെട്ടിടത്തിന്റെ (1954 ലെ ഗോൾഡൻ ജൂബിലി ബ്ലോക്ക് – മൈതാനത്തിന്റെ വടക്ക് വശത്തുള്ള കെട്ടിടത്തിന്റെ) ശോച്യാവസ്ഥ പരിഗണിച്ച് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിന് സഭാ കൗൺസിലിന്റെ ആലോചനയോടെ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സ്കൂൾ ലോക്കൽ അഡ്വൈസറി കമ്മിറ്റിയെ സഭാ പ്രതിനിധി മണ്ഡലം ചുമതലപ്പെടുത്തുന്നു' എന്ന ഔദ്യോഗിക പ്രമേയം സഭാ പ്രതിനിധി മണ്ഡലം അംഗീകരിച്ചു. മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം മാനേജിംഗ് കമ്മിറ്റിയിൽ ടി വിഷയം അവതരിപ്പിക്കണ്ടതാണ്. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നോംസ് പാലിച്ച്, നിർമ്മാണത്തിനാവശ്യമായ ധനസമാഹരണം എൽ. എ. സി. യുടെ ആഭിമുഖ്യത്തിൽ നടത്തി മാർത്തോമ്മാ സഭാ കൗൺസിലിന്റെ അനുമതിയോടെ നിർമ്മാണം നടത്തേണ്ടതാണെന്നും, മൈതാനത്തിലേക്കുള്ള വഴികൾ നിലനിർത്തിക്കൊണ്ട് മാത്രമെ നിർമ്മാണം നടത്താവു എന്നും മണ്ഡലം തീരുമാനിച്ചു.

12. 'സഭാ കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട – ദിവ്യശ്രീ ഡോ. എം. ഒ. ഉമ്മൻ കശ്ശീശാ ഡൽഹി ഭദ്രാസനത്തിൽ നിന്നും ചെന്നൈ–ബാംഗ്ലൂർ ഭദ്രാസനത്തിലേക്ക് സ്ഥലം മാറിയത് മൂലം ഉണ്ടായ ഒഴിവിൽ, ദിവ്യശ്രീ തോമസ് കെ. തോമസ് കശ്ശീശായെയും, ദിവ്യശ്രീ തോമസ് മാത്യു (നാരങ്ങാനം) കശ്ശീശ കൊട്ടാരക്കര–പുനലൂർ ഭദ്രാസനത്തിൽ നിന്നും അടൂർ ഭദ്രാസനത്തിലേക്ക് സ്ഥലം മാറിയത് മൂലം ഉണ്ടായ ഒഴിവിൽ, ദിവ്യശ്രീ ഐസക് പി. കുര്യൻ കശ്ശീശായെയും ദിവ്യശ്രീ ഡോ. റ്റി. ജോൺസൺ കശ്ശീശ മുംബൈ ഭദ്രാസനത്തിൽ നിന്നും നിരണം–മാരാമൺ ഭദ്രാസനത്തിലേക്ക് സ്ഥലം മാറിയത് മൂലം ഉണ്ടായ ഒഴിവിൽ, ദിവ്യശ്രീ ജോർജ്ജ് ജോൺ (താനെ) കശ്ശീശായെയും സഭാ ഭരണഘടന 164(5) വകുപ്പു പ്രകാരം സഭാ കൗൺസിലിലേയ്ക്ക് നോമിനേറ്റ് ചെയ്തത് അംഗീകരിക്കുക' എന്ന പ്രമേയം സഭാ പ്രതിനിധി മണ്ഡലം അംഗീകരിച്ചു.

13. ഭരണഘടന 113–ാം വകുപ്പനുസരിച്ചുള്ള, 'നമ്മുടെ സഭയുടെ കീഴിലുള്ള സ്ഥാപനങ്ങളും ഇതര വസ്തുക്കളും പലസ്ഥലങ്ങളിലും ഉപയോഗശൂന്യമായി കിടക്കുന്നു. ഇങ്ങനെ പ്രവർത്തനരഹിതമായി കിടക്കുന്ന സ്ഥാപനങ്ങൾ പുനരാരംഭിക്കുകയോ, പുതിയ പദ്ധതി തുടങ്ങുകയോ, ദീർഘകാല കരാർ അടിസ്ഥാനത്തിൽ പാട്ടത്തിനു നൽകിയോ സഭയ്ക്ക് മുതൽക്കൂട്ട് ആക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സഭാ കൗൺസിലിനോട് ഈ മണ്ഡലം ശുപാർശ ചെയ്യുന്നു' എന്ന പ്രമേയം തത്വത്തിൽ അംഗീകരിച്ചു. ഭേദഗതി പ്രമേയങ്ങൾ ഉൾപ്പെടെ ആവശ്യമായ പഠനം നടത്തുന്നതിന് സഭാ കൗൺസിലിനെ ചുമതലപ്പെടുത്തി.

14. യു.കെ.–യൂറോപ്പ്–ആഫ്രിക്ക ഭദ്രാസനത്തിന്റെ നിയമാവലിയുടെ ഭേദഗതികൾ ചർച്ചയെ തുടർന്ന് സഭാ മണ്ഡലം ഐകകണ്ഠ്യേന അംഗീകരിച്ചു.

15. ആസ്ട്രേലിയ – ന്യൂസീലാൻഡ് സോണൽ ഭരണഘടന (ബൈലോ) മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡലം ചർച്ചകൾക്കുശേഷം ഭൂരിപക്ഷ അഭിപ്രായപ്രകാരം അംഗീകരിച്ചു.

16. തെരഞ്ഞെടുപ്പ് ചട്ടങ്ങൾ – കൂടുതൽ പഠനം നടത്തുന്നതിലേക്ക് മാറ്റി വെയ്ക്കുന്നതായി അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ പ്രസ്താവന പ്രതിനിധി മണ്ഡലം അംഗീകരിച്ചു.

17. പഠനം–വിഷയം: 'ഞങ്ങൾ വിശ്വസിക്കുന്നു – നിഖ്യായുടെ കാലിക പ്രസക്തി' ('We Believe – The Contemporary Relevance of Nicaea') എന്ന വിഷയം അടിസ്ഥാനമാക്കി സഭാ പ്രതിനിധി മണ്ഡലത്തിൽ പഠനം നടന്നു. ഈ വിഷയം തുടർ പഠനത്തിന് വിധേയമാക്കുന്നതിനും തീരുമാനിച്ചു.

18. ഭരണഘടന 113 വകുപ്പു പ്രകാരം അവതരിപ്പിച്ച പ്രമേയങ്ങൾ (കാര്യപരിപാടി 24 ലെ 1, 2 ആയി ചേർത്തിരിക്കുന്ന പ്രമേയങ്ങൾ) ചർച്ചകൾക്കു ശേഷം ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് മണ്ഡലം തീരുമാനിച്ചു.

## Special Mandalam

2025 സെപ്റ്റംബർ മാസം 3–ാം തീയതി (ബുധൻ) തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന സ്പെഷ്യൽ പ്രതിനിധി മണ്ഡലയോഗത്തിൽ അവതരിപ്പിച്ച് അംഗീകരിച്ച ഭരണഘടനാ ഭേദഗതിയും മറ്റ് തീരുമാനങ്ങളും.

a. വകുപ്പ് 42: ‘‘വികാരി ജനറാൾ എന്ന വാക്ക് കശ്ശീശാ എന്ന പദവിയുടെ വ്യാപ്തിയിൽ ഉൾപ്പെടും’’ എന്ന് മണ്ഡലം തീരുമാനിച്ചു.

b. തെരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് ഉപോൽബലകമായി 17(a), 163(a) 293(3), 140(a), 228(a) 329(a) എന്നിവയായി സഭാകൗൺസിൽ നിർദ്ദേശിച്ച ഭേദഗതി പ്രമേയങ്ങൾ കൂടുതൽ പഠനം നടത്തുന്നതിലേക്ക് മാറ്റി വെയ്ക്കുന്നതായുള്ള അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ പ്രസ്താവന പ്രതിനിധി മണ്ഡലം അംഗീകരിച്ചു. വീണ്ടും പഠിച്ച് നിയമകാര്യ കമ്മിറ്റിയുടെ ശുപാർശയോടും എപ്പിസ്ക്കോപ്പൽ സിനഡിന്റെ അനുമതിയോടും കൂടി സഭാ പ്രതിനിധി മണ്ഡലത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് സഭാദ്ധ്യക്ഷൻ റൂളിംഗ് നല്കി.

c. ഏകോപന സമിതി സംബന്ധിച്ച് 65C, 65C(1), 65C(2), 65C(3), 65C(4), 65C(5) എന്നിവയായി സഭാ കൗൺസിൽ നിർദ്ദേശിച്ച ഭേദഗതി പ്രമേയങ്ങൾ കൂടുതൽ പഠനം ആവശ്യമാകയാൽ സഭാ കൗൺസിൽ അവ വീണ്ടും പഠിച്ച് സഭാ പ്രതിനിധി മണ്ഡലത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് സഭാദ്ധ്യക്ഷൻ റൂളിംഗ് നല്കി.

d. ഭരണഘടന 113, 390 വകുപ്പു പ്രകാരം അവതരിപ്പിച്ച ഭേദഗതി പ്രമേയങ്ങൾ:
9AA, 9(F), 9(D), 55A, 77A(14) എന്നിവയായി നിർദ്ദേശിച്ച ഭേദഗതി പ്രമേയങ്ങളും വകുപ്പ് 189(1), 56(5), 140, 7, 7A(2), എന്നിവയ്ക്ക് നിർദ്ദേശിച്ച ഭേദഗതികളും ചർച്ചകൾക്കു ശേഷം പ്രമേയ അവതാരകർ മൂലപ്രമേയം പിൻവലിക്കുന്നതായി മണ്ഡലയോഗത്തെ അറിയിച്ചതിനാൽ ഭേദഗതി പ്രമേയങ്ങൾ നിലനില്ക്കുന്നതല്ല എന്ന് അദ്ധ്യക്ഷൻ അറിയിച്ചു.

e. 9D, 139(B) എന്നിവയായി നിർദ്ദേശിച്ച ഭേദഗതി പ്രമേയങ്ങളും വകുപ്പ് 106 - ന് നിർദേശിച്ച ഭേദഗതിയും ചർച്ചകൾക്കുശേഷം പ്രമേയ അവതാരകർ മൂലപ്രമേയം പിൻവലിക്കുന്നില്ല എന്ന് അറിയിച്ചതിനാൽ വോട്ടിനിട്ട് ഭൂരി പക്ഷ അഭിപ്രായ പ്രകാരം പ്രമേയങ്ങൾ തള്ളിയതായി അദ്ധ്യക്ഷൻ മെത്രാപ്പോലീത്താ പ്രഖ്യാപിച്ചു.

### ശുദ്ധിപത്രം

| | | തെറ്റ് | ശരി |
|---|---|---|---|
| 1. | പേജ് നമ്പർ I-6<br>Serial No. 11. | (ഭാഗം I പേജ് 15) | (ഭാഗം I പേജ് 16) |
| 2. | Page I-10 English Agenda | Serial No. 20-33 | Correct as 21-34 |
| 3. | റിപ്പോർട്ട് I-12 | 328 (a) | 329(a) |
| 4. | റിപ്പോർട്ട് I-16 (Supplementary Budget) | Improving the quality of primary education – Actual 7,95,000.00 | Improving the quality of primary education – Actual 7,95,750.00<br>Supplementary Total<br>Rs. 1,87,53,362.13 |
| 5. | പേജ് നമ്പർ II-8 | 1.11 .. ..<br>ബഥേൽ അരമനയിൽ | 1.11 .. ..<br>ബഥേൽ കൺവൻഷൻ സെന്ററിൽ |
| 6. | റിപ്പോർട്ട് II-8 1.5 | അഭയം പ്രോജക്ടിൽ ഇതുവരെ 104 വീടുകൾ പൂർത്തീകരിച്ചു. 48 വീടുകളുടെ പണി പുരോഗമിക്കുന്നു. | അഭയം പ്രോജക്ടിൽ ഇതുവരെ **102** വീടുകൾ പൂർത്തീകരിച്ചു. 48 വീടുകളുടെ പണി പുരോഗമിക്കുന്നു. |
| 7. | പേജ് നമ്പർ II-9 | 2024 ജൂലൈ 29 പ്രഭാതം | 2024 ജൂലൈ **30** പ്രഭാതം |
| 8. | റിപ്പോർട്ട് II-53<br>3.11 ഡൽഹി ഭദ്രാസനം<br>2–ാം പാരഗ്രാഫ് | ഭദ്രാസന പ്രവർത്തനങ്ങളെ എകോപിപ്പിക്കുന്നത് ന്യൂഡൽഹി ഗോൾമാർക്കറ്റിലുള്ള മാർത്തോമ്മാ സെന്റർ കേന്ദ്രീകരിച്ചാണ്. ഭദ്രാസന സെക്രട്ടറിയായി റവ. സാം ഏബ്രഹാമും ഭദ്രാസന ട്രസ്റ്റിയായി ശ്രീ. ഏ. ജെ. ഫിലിപ്പും | ഭദ്രാസന പ്രവർത്തനങ്ങളെ എകോപിപ്പിക്കുന്നത് ന്യൂഡൽഹി ഗോൾമാർക്കറ്റിലുള്ള മാർത്തോമ്മാ സെന്റർ കേന്ദ്രീകരിച്ചാണ്. **വെരി. റവ. ദാനിയേൽ തോമസ്, ബിഷപ്പ്സ് സെക്രട്ടറിയായി 2024 മെയ് 1 മുതൽ സേവനം അനുഷ്ഠിക്കുന്നു.** ഭദ്രാസന |

| | | | |
|---|---|---|---|
| | | സേവനം അനുഷ്ഠിക്കുന്നു. | സെക്രട്ടറിയായി റവ. സാം ഏബ്രഹാമും ഭദ്രാസന ട്രസ്റ്റിയായി ശ്രീ. ഏ. ജെ. ഫിലിപ്പും സേവനം അനുഷ്ഠിക്കുന്നു. |
| 9. | റിപ്പോർട്ട് II-59 | ഈ ആവശ്യത്തിലേക്ക് ലഭിച്ച 24,230 പൗണ്ട് | ഈ ആവശ്യത്തിലേക്ക് ലഭിച്ച 24,230 പൗണ്ട് (Rs. 27,05,393.00)….. |
| 10. | തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പേജ് 9 ക്രമനമ്പർ 5. | സഭാ ഭരണഘടന 77 വകുപ്പു പ്രകാരം നൂറുമുതൽ രണ്ടായിരം വരെ അംഗങ്ങൾ ഉള്ള ഇടവകയ്ക്ക് ഒന്നും 2001 മുതൽ 5000 വരെ അംഗങ്ങളുള്ള ഓരോ ഇടവകയ്ക്കും അതിൽ കൂടുതൽ അംഗങ്ങളുള്ള ഓരോ ഇടവകയ്ക്കും മൂന്നും വീതം പ്രതിനിധികളെ പ്രതിനിധി മണ്ഡലത്തിലേക്ക് അയയ്ക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്. | സഭാ ഭരണഘടന 77 വകുപ്പു പ്രകാരം നൂറുമുതൽ രണ്ടായിരം വരെ അംഗങ്ങൾ ഉള്ള ഇടവകയ്ക്ക് ഒന്നും 2001 മുതൽ 5000 വരെ അംഗങ്ങളുള്ള ഓരോ ഇടവകയ്ക്ക് **രണ്ടും** അതിൽ കൂടുതൽ അംഗങ്ങളുള്ള ഓരോ ഇടവകയ്ക്കും മൂന്നും വീതം പ്രതിനിധികളെ പ്രതിനിധി മണ്ഡലത്തിലേക്ക് അയയ്ക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്. |